## പതിനാലാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 581 — 23.05.2017-ലെ മറുപടിക്ക്

### കെ.എസ്.ആർ.ടി.സി.യുടെ സാമ്പത്തിക പുനഃക്രമീകരണവും പുനരുദ്ധാരണവും

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി ഗീതാ ഗോപി<br>ശ്രീ. മുല്ലക്കര രത്നാകരൻ<br>" ഇ.കെ.വിജയൻ<br>" മുഹമ്മദ് മുഹസിൻ പി. | ശ്രീ. തോമസ് ചാണ്ടി<br>(ഗതാഗത വകുപ്പു മന്ത്രി) |

| | | | |
| --- | --- | --- | --- |
| (എ) | കെ.എസ്.ആർ.ടി.സി.യുടെ ആസ്തി, ബാധ്യതകൾ എന്നിവ സംബന്ധിച്ച് വ്യക്തമായ ചിത്രം നല്കമോ; | (എ) | കൺട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ അംഗീകാരം ലഭിച്ച 2013-14 വർഷത്തെ സാമ്പത്തിക കണക്കിന്റെ ബ്ാലൻസ് ഷീറ്റ് പ്രകാരം കെ.എസ്.ആർ.ടി.സി.യുടെ ആസ്തി 904.54 കോടി രൂപയും, ബാധ്യത 2546.88 കോടി രൂപയുമാണ്.<br><br>വിവിധ ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വായ്പ എടുത്തയിനത്തിൽ 31.03.2017ലെ കണക്കപ്രകാരം 2845.21 കോടി രൂപ കോർപ്പറേഷൻ തിരിച്ചടയ്ക്കാനുണ്ട്. ഇതു കൂടാതെ 501.44 കോടി രൂപ വായ്പാ തുക റീവർക്ക് ചെയ്ത പ്രകാരം കെ.എസ്.ആർ.റ്റി.സി-ക്ക് കെ.റ്റി.ഡി.എഫ്.സി-യിൽ നിന്നും നല്കിയിട്ടുള്ളത് സംബന്ധിച്ച റീകൺസിലിയേഷൻ നടപടി പൂർത്തിയായതിനു ശേഷമേ കെ.റ്റി.ഡി.എഫ്.സി-യിൽ നിന്നും കെ.എസ്.ആർ.റ്റി.സി എടുത്ത വായ്പ തുകയുടെ കൃത്യമായ കണക്ക് ലഭിക്കുകയുള്ളൂ. ബസ്സുകൾ വാങ്ങുന്നതിനായും പെൻഷൻ ചെലവ് നിർവ്വഹിക്കുന്നതിനുമാണ് ടി വായ്പാ തുകയുടെ സിംഹഭാഗവും ചെലവഴിച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| (ബി) | കെ.എസ്.ആർ.ടി.സി.യിൽ നടപ്പാക്കാനുദ്ദേശിക്കുന്ന സാമ്പത്തിക പുനഃക്രമീകരണത്തിന്റെ രൂപരേഖ തയ്യാറായിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | നിലവിൽ സാമ്പത്തിക പുനഃക്രമീകരണത്തിന്റെ രൂപരേഖ തയ്യാറായിട്ടില്ല.<br>എന്നാൽ കെ.എസ്.ആർ.ടി.സി.യെ പുനഃസംഘടിപ്പിക്കുന്നതിനും പുനരുദ്ധരിച്ച് ലാഭത്തിലേക്കെത്തിക്കുന്നതിനുമായി കൊൽക്കത്ത ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് എന്ന സ്ഥാപനത്തിലെ റിട്ടയേർഡ് പ്രൊഫസറായ ശ്രീ. സുശീൽ ഖന്നയെ, സർക്കാർ ഉത്തരവ് നം. G.O.(Rt) 367/2016/Trans. തിയതി 24.09.2016 പ്രകാരം വിശദപഠനം നടത്തുവാൻ കൺസൾട്ടന്റായി സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. ടി റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്. |
| (സി) | ജീവനക്കാരെ വിശ്വാസത്തിലെടുത്തു കൊണ്ട്, അവരുടെ സഹകരണം ഉറപ്പുവരുത്തിയ ശേഷമേ കെ.എസ്. ആർ.ടി.സി.യുടെ പുനരുദ്ധാരണ നടപടികൾ നടപ്പിലാക്കുകയുള്ളോ എന്നറിയിക്കുമോ; | (സി) | നഷ്ടത്തിൽ ഓടുന്ന കെ.എസ്.ആർ.ടി.സി യെ പുനരുദ്ധരിക്കുന്നതിനായി നിരവധി പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. സർവ്വീസ് ഓപ്പറേഷൻ സംബന്ധിച്ച് 10,000/- രൂപയിൽ താഴെ വരുമാനമുള്ള സർവ്വീസുകളെ പുനക്രമീകരിക്കുന്ന പദ്ധതി ഇതിനോടകം തന്നെ ആരംഭിച്ചിട്ടുണ്ട്. 1255 ഷെഡ്യൂളുകൾ പുനക്രമീകരിച്ച് വരുമാനം വർദ്ധിപ്പിച്ചിട്ടുണ്ട്. ഇത്തരം പുനരുദ്ധാരണ പദ്ധതിക്ക് ജീവനക്കാരുടെ ഭാഗത്ത് നിന്നും മികച്ച പിന്തുണ ലഭ്യമാക്കുന്നതിന് സാധിച്ചിട്ടുണ്ട്. കെ.എസ്. ആർ.ടി.സിയുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ അംഗീകൃത – രജിസ്റ്റേഡ് തൊഴിലാളി സംഘടനകളുടെ യോഗം വിളിച്ച |

| | | | |
|---|---|---|---|
| | | | ചേർക്കുകയുണ്ടായി. ടി യോഗത്തിൽ പ്രൊഫ. സുശീൽ ഖന്നയുടെ റിപ്പോർട്ട് നടപ്പിലാക്കുന്നത് സംബന്ധിച്ച് തൊഴിലാളി സംഘടന പ്രതിനിധികളുമായി ചർച്ച നടത്തുകയും, ടി റിപ്പോർട്ടിലെ ശുപാർശകൾ കെ.എസ്.ആർ. ടി.സി.യുടെ പുനരുദ്ധാരണത്തിനായി ഘട്ടം ഘട്ടമായി നടപ്പിൽ വരുത്തുമെന്നറിയിക്കുകയും ചെയ്തിട്ടുണ്ട്.<br>കെ.എസ്.ആർ.ടി.സി.യെ രക്ഷിക്കുന്നതിനുള്ള നടപടികളിൽ സഹകരിക്കുമെന്ന് സംഘടനാ പ്രതിനിധികൾ ടി യോഗത്തിൽ അറിയിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | മറ്റ് സംസ്ഥാനങ്ങളിലേക്ക് കെ.എസ്. ആർ.ടി.സി. ബസ്സുകൾ ഓടിക്കുന്നതിന് എന്തൊക്കെ നിബന്ധനകളാണുള്ളതെന്ന് അറിയിക്കുമോ; | (ഡി) | സംസ്ഥാന സർക്കാരുകൾ തമ്മിൽ ഒപ്പിടുന്ന അന്തർ സംസ്ഥാന ഗതാഗത കരാർ പ്രകാരമാണ് കെ.എസ്.ആർ.ടി.സി കർണ്ണാടക, തമിഴ്നാട് എന്നീ അയൽ സംസ്ഥാനങ്ങളിലെ വിവിധ പ്രദേശങ്ങളിലേയ്ക്ക് സർവ്വീസുകൾ നടത്തി വരുന്നത്. ഓരോ അന്തർ സംസ്ഥാന കരാറിലും, അന്തർ സംസ്ഥാന റൂട്ട്, റൂട്ട് ദൈർഘ്യം, ട്രിപ്പുകളുടെ എണ്ണം, ബസ്സുകളുടെ എണ്ണം, മറ്റ് സംസ്ഥാനങ്ങളിൽ ഓടിക്കാവുന്ന ആകെ ദൂരം എന്നിവ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ടി നിബന്ധനകൾ പാലിച്ചാണ് കെ.എസ്. ആർ.ടി.സി അന്തർ സംസ്ഥാന സർവ്വീസ് നടത്തി വരുന്നത്. |
| (ഇ) | പുനരുദ്ധാരണ നടപടികളുടെ പേരിൽ, പൊതുനന്മ ഉദ്ദേശിച്ചുള്ള സേവന മേഖലയിൽ നിന്ന് | (ഇ) | പൊതുജനങ്ങൾക്ക് സുരക്ഷിതവും കുറഞ്ഞ ചിലവിൽ കാര്യക്ഷമവുമായ പൊതു ഗതാഗത സർവ്വീസ് കുറഞ്ഞ ചിലവിൽ നല്കുന്നതിന് |

| | | | |
|---|---|---|---|
| | കെ.എസ്.ആർ.ടി.സി. പിന്മാറുമോ എന്നറിയിക്കുമോ? | | വേണ്ടിയാണ് കെ.എസ്.ആർ.ടി.സി പ്രവർത്തിച്ച് വരുന്നത്. സാമൂഹിക പ്രതിബദ്ധതയുടെ ഭാഗമായി കെ.എസ്.ആർ.ടി.സി സേവന മേഖല നടത്തുന്ന സർവ്വീസുകൾ നഷ്ടത്തിൽ ഓടുന്നെങ്കിൽ പോലും പൂർണ്ണമായും നിർത്തലാക്കുവാൻ ഉദ്ദേശിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ